# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -564 30.06.2016 ൽ മറുപടിയ്ക്ക്

**പാറശാല മണ്ഡലത്തിലെ കുളങ്ങളുടെ സംരക്ഷണം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.കെ.ഹരീന്ദ്രൻ :** | | **ശ്രീ.മാത്യു.ടി.തോമസ്** <br> **(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) പാറശാല മണ്ഡലത്തിലുള്ള ചെറുതും വലുതുമായുള്ള ആയിരത്തിലേറെ കുളങ്ങളുടെ സംരക്ഷണം ഉറപ്പ വരുത്തുന്നതിനും അവ ജലസേചന ആവശ്യങ്ങൾക്കായി ഉപയോഗിക്കു ന്നതിനും ഏതെങ്കിലും തരത്തിലുള്ള നടപടികൾ കൈക്കൊള്ളുവാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; | (എ) | ജലസേചന വകുപ്പിന് കീഴിൽ നിലവിലുള്ള ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി / 13th FC എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പാറശ്ശാല മണ്ഡലത്തിലെ 5 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. കൂടാതെ സബ്ജക്റ്റ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 3 കുളങ്ങൾ നവീകരി ക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം ഭരണാനുമതി നല്കുവാൻ സാധിച്ചില്ല. |
| (ബി) ജലസ്രോതസുകൾ സംരക്ഷിക്കേ ണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് സ്കൂൾതലം മുതൽ അവബോധം വളർത്തേണ്ടതിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഇക്കൊല്ലം ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**